(ബി) ഇല്ല.

(സി) ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടില്ല. പരാതികൾ ലഭിച്ചാൽ അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**വനങ്ങളിൽ ക്ലിയർ ഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും നിർത്തിവയ്ക്കാനുണ്ടായ കാരണം**

20 (*375) ശ്രീ. എം. കുമാരൻ :
ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനങ്ങളിൽ ക്ലിയർ ഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും നിർത്തൽ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിർത്തൽ ചെയ്തതെപ്പോഴാണ് ; നിർത്തിവയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ക്ലിയർ ഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും വീണ്ടും ആരംഭിക്കുന്നതിനുദ്ദേശ്യമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എപ്പോൾ മുതൽ പുനരാരംഭിക്കുമെന്ന് പറയാമോ ;

(ഇ) പ്രസ്തുത നടപടിയിൽനിന്നും എന്തുമാത്രം വരുമാനം പ്രതീക്ഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ഉണ്ട്.

(ബി) ക്ലിയർ ഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും 1987-ലാണ് നിർത്തലാക്കിയത്. എന്നാൽ നിത്യഹരിത വനങ്ങൾ(Evergreen Forests) അർദ്ധ ഹരിത വനങ്ങൾ (Semi Evergreen Forests) വന്യമൃഗസങ്കേതങ്ങൾ (Crame Sancturies) എന്നിവിടങ്ങളിൽ 1981-ൽ തന്നെ ക്ലിയർ ഫെല്ലിംഗ് നിർത്തലാക്കിയിരുന്നു.

വനത്തിലെ ജീവജാലങ്ങൾക്കും സസ്യജാലങ്ങൾക്കും ഹാനികരമായതിനാലും വനങ്ങൾ നശിക്കാതെ സംരക്ഷിക്കേണ്ടവയാണെന്നുള്ള അവബോധവുമാണ് ഇവ രണ്ടും നിർത്തലാക്കാൻ കാരണമായത്.

(സി) സ്വാഭാവിക വനങ്ങളിൽ ക്ലിയർ ഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും നടത്താൻ ഉദ്ദേശിക്കുന്നില്ല.

(ഡി&ഇ) ഉത്തരം (സി) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly